"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പരവൂർ എസ്.എൻ.വി. ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ തസ്തികയിൽ ശ്രീ.എം.വിഷ്ണു-ന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4040/2025/GEDN തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-
1. ശ്രീ.എം.വിഷ്ണുവിന്റെ 27.11.2024 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.02.2025 തീയതിയിലെ ഇറ്റി1/3547/2025/ഡിജിഇ നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പരവൂർ എസ്.എൻ.വി. ഗേൾസ് ഹൈസ്കൂളിലെ ശ്രീ.എം.വിഷ്ണു-ന്റെ ഫുൾ ടൈം മീനിയൽ തസ്തികയിൽ 01.12.2016 മുതലുള്ളുണ്ടായിരുന്നതും പിന്നീട് റദ്ദ് ചെയ്യപ്പെട്ടതുമായ നിയമനാംഗീകാരം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. ടി സ്കൂളിൽ 01.12.2016 മുതൽ എഫ് റ്റി എം തസ്തികയിൽ ജോലി ചെയ്തു വരവേ ഡിഗ്രി യോഗ്യത ഉള്ളത് കൊണ്ട് ശ്രീ. എം. വിഷ്ണുവിന് ലഭിച്ച നിയമനാഗീകാരം റദ്ദ് ചെയ്തു കൊണ്ട് വിദ്യാഭ്യാസ ഡയറക്ടർ 2018ൽ ഉത്തരവായി. ആയതിനാൽ 2018 ന് ശേഷം അപേക്ഷകന് ശമ്പളം ലഭിച്ചിട്ടില്ല

3. കെ.ഇ.ആറിൽ ആരോഗ്യമുള്ള ശരീരം എന്നാണ് യോഗ്യതയിൽ പറഞ്ഞിരിക്കുന്നത്.

4. താനിപ്പോഴും പ്രസ്തുത സ്കൂളിൽ ജോലി ചെയ്തുവരുന്നതായും സമാനമായ കേസ്സുകളിൽ യോഗ്യതയിൽ ഇളവ് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിനാൽ തനിക്കും 01.12.2016 മുതൽ എഫ്.ടി.എം തസ്തികയിൽ റദ്ദ് ചെയ്യപ്പെട്ട അംഗീകാരം പുനഃസ്ഥാപിക്കണമെന്നതാണ് അപേക്ഷകന്റെ ആവശ്യം.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

5. പരവൂർ എസ് എൻ വി ജി എച്ച് എസ് മാനേജർ ശ്രീ .എം വിഷ്ണുവിനെ 01/06/2019 മുതൽ 31/05/2024 വരെ എഫ് ടി എം തസ്തികയിലേയ്ക്ക് ശ്രീ സുദർശന ബോസിന്റെ ശൂന്യവേതനാവധി ഒഴിവിൽ നിയമിച്ചു. ശ്രീ. വിഷ്ണു. എം-ന് ഡിഗ്രി യോഗ്യത ഉള്ളതായി കണ്ടെത്തിയതിനാൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഡിഗ്രി യോഗ്യത ഉള്ളവരെ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നതിനാൽ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി.

6. 31/05/2019 വരെ അനുവദിച്ച കിട്ടിയ ശൂന്യവേതനാവധിയുടെ തുടർച്ചയായി ശ്രീ. സുദർശനബോസ് 01/06/2019 മുതൽ 31/05/2024 വരെ വീണ്ടും ശൂന്യവേതനാവധിയിൽ പ്രവേശിച്ചത് മൂലമുണ്ടായ ഒഴിവിലാണ് ശ്രീ.എം.വിഷ്ണുവിന് 01/06/2019 മുതൽ പുനർ നിയമനം നൽകിയത്. ശ്രീ.എം.വിഷ്ണു 51A ചട്ട പ്രകാരമുള്ള അവകാശി അല്ലാത്തതിനാൽ 01/12/2016 മുതൽ 31/05/2019 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ടിയാൾക്ക് നൽകിയ നിയമന അംഗീകാരം കെ.ഇ.ആർ അധ്യായം XXI ചട്ടം 7(4) ലെ വ്യവസ്ഥകൾ പ്രകാരം ക്രമപ്രകാരമല്ല എന്ന് കണ്ടെത്തുകയും അതിനാൽ ശ്രീ.എം.വിഷ്ണുവിന്റെ 01/06/2019 മുതൽ 31/05/2024 വരെയുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള മാനേജരുടെ അപ്പിൽ ഹർജ്ജി വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ച നൽകുകയുമുണ്ടായി. അതോടൊപ്പം ക്രമരഹിതമായി അംഗീകരിച്ച നൽകിയ ശ്രീ.എം.വിഷ്ണുവിന്റെ 01/12/2016 മുതൽ 31/05/2019 വരെയുള്ള നിയമന അംഗീകാരം റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ശ്രീ.വിഷ്ണു കൈപ്പറ്റിയ ശമ്പളം തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സ്കൂൾ മാനേജർക്കും പ്രധാന അധ്യാപികയ്ക്കും നിർദ്ദേശം നല്കുകയും ചെയ്തു.

7. കെ ഇ ആർ അധ്യായം XXI ചട്ടം 7(4) പ്രകാരം ഒരു അധ്യയന വർഷത്തിൽ കൂടുതലുള്ള ഒഴിവുകൾ സംരക്ഷിത ജീവനക്കാരെകൊണ്ട് മാത്രമേ നികത്താവു. 04/06/2016 ലെ സ.ഉ(പി) നം.12/2016/പിആന്റ് ആർഡി ഉത്തരവ് പ്രകാരം FTM നിയമനത്തിന് ഡിഗ്രി യോഗ്യത ഉണ്ടാകാൻ പാടില്ല. 03/12/2016 ലെ സ.ഉ(പി) നം 30/16/പിആന്റ് ആർ ഡി പ്രകാരം ഇതിന് 04/06/2016 മുതൽ പ്രാബല്യം നൽകി.

സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി.

8. 06/11/2024 ലെ ജെ 3/308/2022/പൊ.വി.വ നമ്പർ സർക്കാർ കത്തിൽ കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ അധ്യാപകേതര ജീവനക്കാർക്ക് അധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥയുള്ളതിനാൽ, 04.06.2016-ന് മുമ്പ് നിയമനം ലഭിച്ച ബിരുദ യോഗ്യതയുള്ളവർക്കും, ബിരുദ യോഗ്യതയില്ലാത്ത 04.06.2016 ന് ശേഷം നിയമനം ലഭിച്ചവരും എന്നാൽ നിയമനം നേടിയ ശേഷം ബിരുദ യോഗ്യതനേടിയവർക്കും ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ.എം.വിഷ്ണുവിന് നിയമന സമയത്ത് ഡിഗ്രി യോഗ്യത ഉള്ളതുകൊണ്ട് ഈ ഇളവിനും അർഹത നഷ്ടപ്പെടുന്നു. പ്രസ്തുത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരവൂർ എസ്.എൻ.വി. ഗേൾസ് ഹൈസ്കൂളിലെ ഫുൾ ടൈം മീനിയൽ തസ്തികയിൽ ശ്രീ.എം.വിഷ്ണു-ന്റെ റദ്ദ് ചെയ്യപ്പെട്ട നിയമനാംഗീകാരം പുനഃസ്ഥാപിക്കണമെന്ന അപേക്ഷ നിരസിച്ച് അപ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.എം.വിഷ്ണു, എഫ്.ടി.എം., എസ്.എൻ.വി. ഗേൾസ് ഹൈസ്കൂൾ, പരവൂർ, കൊല്ലം
മാനേജർ, എസ്.എൻ.വി. ഗേൾസ് ഹൈസ്കൂൾ, പരവൂർ, കൊല്ലം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 20-06-2025 15:37:03

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.